പഞ്ചായത്ത് തെരഞ്ഞെടുപ്പ്

* 227 [813] ശ്രീ. കെ. എം. ജോജ്ജ്:
,, എൻ. ഐ. ദേവസ്സിക്കുട്ടി
,, എ. എസ്. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1969 ഡിസംബറിൽ തന്നെ നടത്തുവാൻ സാധിക്കുമെന്ന് ഗവണ്മെൻറ് വിശ്വസിയ്ക്കുന്നുണ്ടോ;

(ബി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഗവണ്മെൻറ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്;

(സി) വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞുവോ;

(ഡി) തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പഞ്ചായത്തുകളിലേയ്ക്കും പുതുതായി രൂപം കൊള്ളുവാൻ പോകുന്ന ജില്ലാ കൗൺസിലിലേയ്ക്കും തെരഞ്ഞെടുപ്പുകൾ ഒരുമിച്ചു നടത്തുന്ന കാര്യം ഗവണ്മെൻറ് പരിഗണിക്കുമോ;

(എഫ്) പഞ്ചായത്തിരാജ് ബിൽ നിയമമാക്കിയതിനുശേഷം തെരഞ്ഞെടുപ്പ് നടത്തുമെന്നുള്ള ആശയം ഗവണ്മെൻറ് ഉപേക്ഷിച്ചോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി):

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1970 ജനുവരിയിൽ നടത്തണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) തെരഞ്ഞെടുപ്പിന്റെ പ്രാഥമിക നടപടികളായി പഞ്ചായത്തുകൾ പുനഃസംഘടിപ്പിച്ചതുമൂലം ചില പഞ്ചായത്തുകളുടെ ഘടനയിൽ മാറ്റം വരികയും പഞ്ചായത്തുകളുടെ ആകെ സംഖ്യ 933-ൽ നിന്ന് 952 ആയി കൂടുകയും ചെയ്തിട്ടുണ്ട്. വോട്ടർപട്ടിക പുതുക്കാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. പുതുക്കിയ വോട്ടർപട്ടിക 15-11-1969-ൽ തഹശീൽദാർമാർ സ്ഥിരപ്പെടുത്തുന്നതാണ്. തെരഞ്ഞെടുപ്പു സംബന്ധമായ ജോലികൾക്കുവേണ്ടി പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. പുതുതായി രൂപംകൊണ്ട പഞ്ചായത്തുകളുടെ വാർഡു വിഭജനത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള അംഗീകൃത വോട്ടർപട്ടിക 1-9-1969-ൽ തഹശീൽദാർമാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പട്ടിക 15-11-1969-ൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

(ഡി) ഉണ്ട്. 20-1-1970; 23-1-1970.

(ഇ) ജില്ലാ കൗൺസിലുകളും പഞ്ചായത്തിരാജ് ബിൽ നിയമമായതിനുശേഷം മാത്രമേ നിലവിൽ വരികയുള്ളൂ. അതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഇനിയും നീട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(എഫ്) പഞ്ചായത്തിരാജ് ബിൽ നിയമമായിക്കഴിഞ്ഞാൽ ജില്ലാ കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. എന്നാൽ അതുവരെയും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എം. ജോജ്ജ്: ചില പഞ്ചായത്തുകളും റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ നിലവിലിരുന്ന പഞ്ചായത്തുകളുടെ അഭിപ്രായത്തിനു വിപരീത

LIBRARY ARCHIVES Kerala Legislative Assembly

മായി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനിടയായതിനാൽ കോടതിയിൽ പോയി സ്റ്റേ വാങ്ങിച്ചിട്ടുണ്ട്. അങ്ങനെയുള്ള പഞ്ചായത്തുകളുടെ വാർഡു വിഭജനവും വോട്ടർപട്ടിക എടുക്കലുമെല്ലാം താമസിച്ചുപോകുമെന്നുള്ളതുകൊണ്ട് അതിനെ സംബന്ധിച്ച് എന്തു ചെയ്യാനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: തെരഞ്ഞെടുപ്പ് ഡിസംബർ അവസാനം നടത്തണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇങ്ങനെ ചില താമസം നേരിടുമെന്നു കണ്ടതുകൊണ്ടും മറ്റു ചില കാര്യങ്ങളാലുമാണ് ജനുവരി അവസാനത്തേക്കു മാറ്റിയത്.

ശ്രീ. ടി. എം. മീതിയൻ: വോട്ടേഴ്സ് ലിസ്റ്റെല്ലാം പരിപൂർണ്ണമായി ക്കഴിഞ്ഞുവെന്നു പറയുകയുണ്ടായി. ആ ലിസ്റ്റിൽ പേരു ചേർക്കുന്നതിനുള്ള അപേക്ഷാഫാറം ലഭിക്കുന്നതിനുവേണ്ടി നിശ്ചിത സമയത്തിനകം തഹശീൽ ദാരാഫീസിൽ ചെന്നപ്പോഴും അതിനു് ഉത്തരവു കിട്ടിയിട്ടില്ലെന്നു പറഞ്ഞു് വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കാതിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് അത്രയും കേസുകളും വോട്ടേഴ്സ് ലിസ്റ്റിൽ ചേർക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അങ്ങനെ വിപുലമായ ആക്ഷേ പങ്ങളും കിട്ടിയിട്ടില്ല. ഇനിയും കാലാവധി നീട്ടുകയാണെങ്കിൽ ഉദ്ദേശിച്ച സമയത്തു് പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്താൻ സാധിക്കുകയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: പഞ്ചായത്തിരാജ് ബിൽ നിയമമാകുമ്പോൾ പഞ്ചായത്തുകളും പുനഃസംഘടിപ്പിക്കേണ്ടിവരുമെന്നുദ്ദേശിച്ചുകൊണ്ടാണോ തെരഞ്ഞെടുപ്പു നീട്ടിവച്ചതു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പഞ്ചായത്തിരാജ് ബില്ല് നിയമമാകുന്നതുകൊണ്ട് പഞ്ചായത്തുകളും പുനഃസംഘടിപ്പിക്കേണ്ടിവരു മെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല തെരഞ്ഞെടുപ്പു നീട്ടിവച്ചതു്.

ശ്രീ. എം. എം. തോമസ്: വോട്ടേഴ്സ് ലിസ്റ്റിനു് അപേക്ഷ കൊടു ക്കേണ്ട അവസാന ദിവസം കഴിഞ്ഞ 30-ാം തീയതിയായിരുന്നു. പുതുതായി രൂപംകൊണ്ട പഞ്ചായത്തുകൾക്കു് വോട്ടർപട്ടികയിൽ പേരു കൊടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കാലാവധി നീട്ടിക്കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സമയം നീട്ടിക്കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: പഞ്ചായത്തിന്റെ വാർഡുകളും പുനഃസംഘടിപ്പിക്കു മ്പോൾ അതാതു പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ഓഫീസേഴ്സും പഞ്ചായത്തു ബോഡിയും ശുപാർശ ചെയ്തിട്ടും ആ പ്രദേശത്തുള്ള നാട്ടുകാർ ശുപാശ് ചെയ്തിട്ടും അതു പരിഗണിക്കാതിരിക്കുന്നതിന്റെ പ്രധാന കാരണമെന്താണ്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പരിഗണിക്കാത്തതുണ്ടെന്നു പ്രത്യേ കമായി പറഞ്ഞാൽ പരിശോധിക്കാം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ജനുവരിയിലേ തെരഞ്ഞെടുപ്പു നടത്തുക യുള്ളു എന്നു പറഞ്ഞു. വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതിനു് രണ്ടാഴ്ച യെങ്കിലും നീട്ടിക്കൊടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതു കൊടുത്താൽ പിന്നെയും തെരഞ്ഞെടുപ്പു നടത്താൻ താമസിക്കും. അതുകൊണ്ടാണു് സമയം നീട്ടിക്കൊടു ക്കാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എൻ. ചന്ദ്രസേനൻ: പഞ്ചായത്തുകളുടെ വാർഡു വിഭജനത്തെ സംബന്ധിച്ചും സീറ്റു റിസർവേഷനെ സംബന്ധിച്ചും ആക്ഷേപങ്ങളുള്ളതു് ഒരിക്കൽക്കൂടി കേൾക്കുന്നതിനുള്ള ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ആക്ഷേപങ്ങളെല്ലാം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കേട്ടു് പരിഹരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കുഞ്ഞൻ: പാലക്കാടു ജില്ലയിൽ കേരളശ്ശേരി പഞ്ചായത്തിലുണ്ടായിട്ടുള്ള വാർഡുവിഭജനത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ ജനങ്ങളും പഞ്ചായത്തു ബോഡിയും ശ്രുപാർശ സമർപ്പിച്ചിരുന്നു .....

ഡെപ്യൂട്ടി സ്പീക്കർ: ഓരോ പഞ്ചായത്തിനെപ്പറ്റിയും മന്ത്രിക്കു് എങ്ങനെ മറുപടി പറയാൻ സാധിക്കും ?

ശ്രീ. പി. കുഞ്ഞൻ: പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ പറയാമെന്നു പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ: അതു ഇവിടെവച്ചു പറയാനൊക്കുമോ?

ശ്രീ. എ. വി. കുഞ്ഞമ്പു: പത്തെഴുനൂറു വോട്ടർമാർ ഉള്ള വാർഡുകളും വിഭജിക്കുന്നതോടൊപ്പംതന്നെ 1500-ം, രണ്ടായിരവും വോട്ടർമാരുള്ള വാർഡുകളും വിഭജിക്കുകയുണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള ഏറ്റവും അങ്ങേയറ്റത്തെ വൈകല്യമുണ്ടായി എന്നു് പയ്യന്നൂർ പഞ്ചായത്തിൽനിന്നു് വല്ല അപേക്ഷയും ബഹുമാനപ്പെട്ട മന്ത്രിക്കു ലഭിച്ചിട്ടുണ്ടോ ?

ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ ഓരോ പഞ്ചായത്തിന്റെയും കാര്യം ചോദിച്ചാൽ മന്ത്രിക്കു പറയാൻ കഴിയുമോ ? 952 പഞ്ചായത്തുകളുണ്ടു്. മന്ത്രിക്കു് ഇപ്പോഴും പറയാൻ സാധിക്കുമെങ്കിൽ പറയുന്നതിനു് എനിക്കു് വിരോധമില്ല.

ശ്രീ. കെ. കരുണാകരൻ: വോട്ടേഴ്സ് ലിസ്റ്റു് തഹശീൽദാർ ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതിനു പകരം ഓരോ പഞ്ചായത്തതിത്തിയിലും പ്രസിദ്ധപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതുതന്നെയാണു് മുൻപും നിലവിലുള്ളതു്. അതേ ഏർപ്പാടുതന്നെ ഇന്നും തുടർന്നുവരുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: പഞ്ചായത്തു വിഭജനം നടത്തിയതു് പഞ്ചായത്തുകളുമായി കൺസൾട്ടു ചെയ്യാതെയും ജനങ്ങളുടെ അഭിപ്രായങ്ങളും പരിഗണിക്കാതെയും ആണെന്നു് വ്യക്തമായ പരാതികളും കിട്ടിയിട്ടുണ്ടോ? അങ്ങനെയുള്ള പഞ്ചായത്തുകളുടെ പുനഃസംഘടനയെ സംബന്ധിച്ചിടത്തോളം വീണ്ടും ആലോചിക്കാനും പരിഹരിക്കാനുമുള്ള നടപടി ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ആക്ഷേപം ബോധിപ്പിക്കാനുള്ള സമയം അനുവദിച്ചുകഴിഞ്ഞു. അവസാനമായി ഫൈനൽ റിപ്പോർട്ടു വന്നു കഴിഞ്ഞതിനുശേഷവും ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ടു്.

ശ്രീ. പി. പി. ജോജ്ജു്: വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതിനു് മുൻപു് 30 ദിവസമായിരുന്ന അനുവദിച്ചിരുന്നതു്. ഇപ്പോൾ അതു് 15 ദിവസമാക്കി കുറയ്ക്കുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: മുൻപും 15 ദിവസമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. കുഞ്ഞമ്പു: തിമിരി, ക്ലായിക്കോട്ട്, കയ്യൂർ, ചീമേനി എന്നീ നാലു പഞ്ചായത്തുകൾ ചേർത്താണ് ഇപ്പോഴത്തെ ചീമേനി പഞ്ചായത്തുണ്ടാക്കിയിട്ടുള്ളത്. അതു് രണ്ടായി ഭാഗിക്കുന്നതിനുള്ള ആവശ്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കാരണം പറഞ്ഞിട്ടില്ല.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: കാരണം പറയാൻ കഴിയുകയില്ല. പൊതുവിൽ സാമ്പത്തികകഴിവില്ലാത്തതുകൊണ്ടായിരിക്കാം ഡിപ്പാർട്ടുമെന്റു് അതിനു റെക്കമെൻറു് ചെയ്യാത്തതെന്നാണു ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. ഒ. കോരൻ: വോട്ടേഴ്സ് ലിസ്റ്റിൽ ആളുകളെ ചേർക്കുന്നതിനു് വിപുലമായ തോതിൽ ആളുകളിൽനിന്നു് അപേക്ഷ ലഭിക്കുകയുണ്ടായി എന്നു പറഞ്ഞു. അവർക്കു സമയം നീട്ടിക്കൊടുക്കാൻ സാധിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സമയം നീട്ടിക്കൊടുത്താൽ പിന്നെയും തെരഞ്ഞെടുപ്പു നടത്താൻ രണ്ടുമാസംകൂടി വേണ്ടിവരും. അതുകൊണ്ടു് സമയം നീട്ടിക്കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. രാഘവൻ: കൊല്ലം ജില്ലയിൽ പത്തനാപുരം, കുണ്ടറ എന്നീ പഞ്ചായത്തുകളിൽ.....

ഡെപ്യൂട്ടി സ്പീക്കർ: പ്രത്യേകം പ്രത്യേകം പഞ്ചായത്തുകളെപ്പറ്റി ചോദിച്ചാൽ മന്ത്രിക്കു മറുപടി പറയാൻ സാധിക്കുമോ ? ജനറലായി എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിച്ചാൽമതി.

ശ്രീ. പി. കെ. രാഘവൻ: കൊല്ലം ജില്ലയിലെ പത്തനാപുരം, കുണ്ടറ പഞ്ചായത്തുകളിൽ ഇപ്പോഴും ഇലക്ഷൻ നടത്താൻ പാടില്ലെന്നു് കൊല്ലം ഡി. സി. സി. പ്രമേയം പാസാക്കിയയച്ചതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. ടി. ജേക്കബ്: പഞ്ചായത്തുകൾക്കു് പേരുകൾ നിശ്ചയിക്കുന്നതു് എന്തു മാനദണ്ഡത്തിന്മേലാണു് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതു് സ്ഥലത്തിന്റെ പ്രാധാന്യവും പ്രശസ്തിയും മറ്റും കണക്കിലെടുത്തുകൊണ്ടായിരിക്കും.

ശ്രീ. എം. രാമുണ്ണി: പഞ്ചായത്തുകൾ പുനർവിഭജനം നടത്താൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണു്? അതിനെപ്പറ്റി ഗവണ്മെൻറിലേക്കു് ആവലാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ആവലാതി ലഭിച്ചിട്ടില്ല.

ശ്രീ. എൻ. കെ. ശേഷൻ: പല പഞ്ചായത്തുകളും രണ്ടായിട്ടും മൂന്നായിട്ടും വിഭജിക്കാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. എന്തു മാനദണ്ഡത്തിന്മേലാണു് വിഭജിക്കുന്നതു്?

ഡെപ്യൂട്ടി സ്പീക്കർ: അതിനു് ഉത്തരം പറഞ്ഞല്ലോ.

ശ്രീ. കെ. ടി. ജോർജ്ജ്: പുനർവിഭജനം ചെയ്ത പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു് മറ്റു പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു് നടന്നതിനുശേഷമേ കാണുകയുള്ളു എന്നു് പത്രവാർത്തയുണ്ടായിരുന്നതു് ശരിയാണോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതു് ഞാൻ ഈ ചോദ്യത്തിനുത്തരം പറഞ്ഞതിൽനിന്നു് വ്യക്തമായിരിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: ഈ തെരഞ്ഞെടുപ്പ് നടത്തുന്നതു് പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ, ഇപ്പോഴത്തെ അസംബ്ലിയുടെ മുമ്പിലുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അസംബ്ലിയുടെ മുമ്പിലുള്ള ബില്ലിന്റെ അടിസ്ഥാനത്തിലല്ല, പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണു്.

കയർ കോർപ്പറേഷൻ ഡയറക്ടർ ബോർഡു്

* 228 [814] ശ്രീ. എൻ. വാസുദേവൻ പിള്ള,
,, വി. ശ്രീധരൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷൻ ഡയറക്ടർ ബോർഡു് രൂപീകരിക്കുന്നതിൽ ഗവണ്മെന്റു് സ്വീകരിച്ച മാനദണ്ഡം എന്തെന്നു് വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ ഏറ്റവും നല്ലയിനം കയറായ ''അഞ്ചുതെങ്ങു കയർ'' ഉല്പാദിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയ്ക്കു് ഈ കോർപ്പറേഷനിൽ പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ) കയർ ഉല്പന്നങ്ങളുടെ കയറുമതി പ്രോത്സാഹിപ്പിക്കുക, ചെറുകിട കയറുൽപ്പാദകർക്കു് ന്യായമായ വിലയും തൊഴിലാളികൾക്കു് അർഹിക്കുന്ന വേതനവും ലഭിക്കുക എന്നീ കാര്യങ്ങളിൽ നേരിട്ട താൽപ്പര്യമുള്ളവർക്കു് പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ടാണു് സംഘടിപ്പിച്ചിരിക്കുന്നതു്.

(ബി) കയർപിരി മേഖലയുടെ സംരക്ഷണം നൽകുന്നതിനു് സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയമാണു് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. എൻ. വാസുദേവൻ പിള്ള: സർ, കയർപിരി വ്യവസായികൾക്കു് സഹകരണ മേഖലയിലാണു് പ്രോത്സാഹനം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അവരേക്കൂടി കോർപ്പറേഷനിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ടി. വി. തോമസു്: കയർ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കോർപ്പറേഷനിൽ കയർപിരിക്കാർക്കു് പ്രാതിനിദ്ധ്യം കൊടുക്കേണ്ടതില്ലെന്നാണു് ഗവണ്മെന്റിന്റെ സുചിന്തിതമായ തീരുമാനം.

ശ്രീ. എൻ. വാസുദേവൻ പിള്ള: കേരളത്തിൽ ഏറ്റവും നല്ലയിനം കയറായ അഞ്ചുതെങ്ങു കയർ ഉൽപ്പാദിപ്പിക്കുന്ന ചിറയിൻകീഴു് താലൂക്കിൽ ഇന്നു് വ്യാവസായിക മാന്ദ്യം ഉണ്ടു് എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസു്: കയർപിരി മേഖലയിൽ ചിലപ്പോഴൊക്കെ മാന്ദ്യം ഉണ്ടാകാം. ചിലപ്പോൾ അഭിവൃദ്ധിയും ഉണ്ടാകാം. ഇതൊക്കെ പരിഹരിക്കുന്നതിനു് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടു്. ആ സ്കീം നടപ്പിലായി കഴിഞ്ഞാൽ മാത്രമെ ശാശ്വതമായിട്ടുള്ള പരിഹാരം ഉണ്ടാകുകയുള്ളു.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: കയർ പിരിക്കുന്ന ആളുകൾക്കു് ന്യായമായ വില കിട്ടുന്നതിനുവേണ്ടി തൊണ്ടുവില നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly